## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1361. 12.7.11 ൽ -മറുപടിക്ക്

# കാസർഗോഡ് ജില്ലയിൽ പുതിയ റേഷൻ കാർഡ് ലഭിക്കാനുള്ള കാലതാമസം

| ചോദ്യം, | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ പുതിയറേഷൻ കാർഡുകൾ ലഭിക്കാനും അംഗങ്ങളെ കൂട്ടി ചേർക്കാനും വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ഫോട്ടോ കാർഡ് നൽകേണ്ടതിനാൽ ആയത് തയ്യാറാക്കി നൽകുന്നതിന് സാധാരണയുള്ളതിനേക്കാൾ ഇരട്ടി സമയം വേണ്ടിവരുന്നുണ്ട്. ഇതു കാരണം റേഷൻ കാർഡ് അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും പുതിയ കാർഡിനായി ലഭിച്ച 75% അപേക്ഷകളിലും പുതിയ കാർഡ് നൽകികഴിഞ്ഞു. ഹോസ്ദുർഗ്ഗ് താലൂക്കിൽ ലഭിച്ച 25,000 അപേക്ഷകളിൽ 9600 എണ്ണം മാത്രമാണ് ഇനി ശേഷിക്കുന്നത്. കമ്പ്യൂട്ടറുകൾ കുറവായതിനാൽ ടി താലൂക്കിൽ റേഷൻ കാർഡ് വിതരണത്തിന് കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഇപ്പോൾ ആവശ്യമായ കമ്പ്യൂട്ടറുകൾ ലഭ്യമാക്കി 2011 ജൂലൈ മാസം തന്നെ എല്ലാ കുടിശ്ശിക അപേക്ഷകളും തീർപ്പാക്കുന്നതിന് തീവ്രശ്രമം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ